"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2018-19 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് കേന്ദ്ര വിഹിതമായി അനുവദിച്ച തുകയായ 108 കോടി രൂപ 2217-05-191-69(P) എന്ന ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.1325/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/07/2020

---

പരാമർശം:- 1 സ ഉ (സാധ) നം. 73/2019/തസ്വഭവ തീയതി 15/01/2019

2 സ ഉ (സാധ) നം. 1980/2019/തസ്വഭവ തീയതി 16/09/2019

3 സ ഉ (സാധ) നം. 2027/2019/തസ്വഭവ തീയതി 20/09/2019

4 സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28042020 ലെ SCTL -FIN /600 /2019 -CFO /1551 നമ്പർ കത്ത്

**ഉത്തരവ്**

മേൽ സൂചന 1 ലെ ഉത്തരവ് പ്രകാരം 4 കോടി രൂപയും സൂചന 2 ലെ ഉത്തരവ് പ്രകാരം 100 കോടി രൂപയും സൂചന 3 ലെ ഉത്തരവ് പ്രകാരം 4 കോടി രൂപയും ചേർത്ത് മൊത്തം സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് 108 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല.

2. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ടി തുക അത്യാവശ്യമാണെന്നും ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 108 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കണമെന്ന് സൂചന 4 ലെ കത്ത് പ്രകാരം സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് കേന്ദ്ര വിഹിതമായി അനുവദിച്ച തുകയായ 108 കോടി രൂപ 2217-05-191-69(P) എന്ന ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജൻ സി വി ഐ എ എസ്**
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്.
നോഡൽ ഓഫീസർ, SMMU
ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് [E:1516767] (DEV-2/113/2020-FIN)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

------

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.07.03 15:07:43 IST
Reason: Approved
സെക്ഷൻ ഓഫീസർ